ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അദ്ദേഹത്തിന്റെ പേരിലും നടപടി എടുക്കേണ്ട ആവശ്യം വന്നിട്ടുണ്ട്.

ശ്രീ. എ. சிதம்பரநாத நாடார்: சமீபத்தில் இருந்த Asst. Veterinary Director அவர்களை ஜோகூர் ஸ்டேடிலிருந்து டிஸ்மிஸல் வாங்கி வந்தது மந்திரி அவர்களுக்குத் தெரியுமா?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അറിയാൻ പാടില്ല.

ശ്രീ. എ. சிதம்பரநாத நாடார்: சமீபத்தில் இவர் ஏதோ ஒரு குற்றம் செய்ததற்காக இவருக்கு 10 மாதம் சம்பளம் கொடுக்காமலிருந்தது இவ்விஷயத்திற்கு தெரியுமா?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അറിഞ്ഞുകൂടാ.

ശ്രീ. പി. നാണു: ഈ ഡയറക്ടറെ ശിക്ഷിച്ചതിനെ സംബന്ധിച്ചുള്ള ഫയൽ ഇതുവരെയായി ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: ആ ഫയൽ ഇപ്പോൾ എന്റെ കൈവശം ഇല്ല.

ശ്രീ. പി. നാണു: ആ ഫയൽ ഗവണ്മെണ്ടിന്റെ കൈവശം കിട്ടിയിട്ടുണ്ടോ എന്നാണ് എനിക്കറിയേണ്ടത്?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അതു നോക്കിയേ പറയാൻ നിവർത്തിയുള്ളൂ.

ശ്രീ. പി. നാണു: ആ ഫയൽ അന്വേഷിച്ചു കണ്ടുപിടിക്കാൻ എതെങ്കിലും സി. ഐ. ഡി. ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അറിയാൻ പാടില്ല.

ശ്രീ. പി. നാണു: സംയോജനം നടന്നകാലത്തു തിരുവിതാംകൂർ വിഭാഗത്തിലെ വെറ്ററിനറി ഡയറക്ടർ ആരായിരുന്നു?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അന്നു അങ്ങിനെ ഒരു ഉദ്യോഗം തിരുവിതാംകൂറിൽ ഇല്ലായിരുന്നു.

ശ്രീ. പി. നാണു: അക്കാലത്തു തിരുവിതാംകൂറിലെ വെറ്ററിനറി ഡിപ്പാർട്ട്മെണ്ടിന്റെ മേലുദ്യോഗസ്ഥൻ ആരായിരുന്നു.

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അന്നു് ആ ഡിപ്പാർട്ട്മെണ്ടു് കൃഷിഡിപ്പാർട്ട്മെണ്ടിന്റെ കീഴിലായിരുന്നു. അതുകൊണ്ടു് അതിലേക്കു പ്രത്യേകം ഡയറക്ടർ എന്നൊരു ഉദ്യോഗം ഉണ്ടായിരുന്നില്ല.

ശ്രീ. എ. சிதம்பரநாத நாடார்: இந்த Veterinary டிபார்ட்மென்ட் Agricultural டிபார்ட்மென்டிற்கு கீழ் இருந்துகொண்டிருந்தது என்பது மந்திரி அவர்களுக்குத்தெரியுமா?

ശ്രീ. ഇ. ജാൺ പിലിപ്പോസ്: தெரியும்.

വെറ്ററിനറി ഡയറക്ടർ

*൪൪൩. (൧൩) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വെറ്ററിനറിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൃശ്ശൂർ വെറ്ററിനറി സ്റ്റോറിൽനിന്നും ഇപ്പോഴത്തെ വെറ്ററിനറി ഡയറക്ടർ അവിടെ ഉദ്യോഗത്തിൽ ഇരിക്കുമ്പോൾ, വളരെ അധികം മരുന്നുകൾ അപഹരിച്ചെടുത്തിട്ടുള്ളതായും പല ആശുപത്രികളിലും മരുന്നുകൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കാതെ കൊടുത്തതായി സ്റ്റോക്കബുക്കിൽ ചെലവുകാണിച്ച് ടിയാൻ അപഹരിച്ചിട്ടുള്ളതായും ഗവൺമെണ്ടിനു റിപ്പോർട്ടു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

മരാമത്തും ഗതാഗതവും കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): (എ) & (ബി) വെറൈറ്റിനറി ഡയറക്ടറെപ്പറ്റി ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അതിന്മേൽ ഗവൺമെണ്ട് നടപടികൾ എടുത്തുകൊണ്ടിരിക്കയാണ്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: വെറൈറ്റിനറി സ്റ്റോറിൽനിന്നും മരുന്ന് അപഹരിച്ചതിനെ സംബന്ധിച്ച് പോലീസ് ഏതെങ്കിലും കേസ്സ് റജിസ്റ്റർ ചെയ്തിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: അറിയാൻ പാടില്ല.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഇതിനെ സംബന്ധിച്ച് ഗവൺമെണ്ട് അന്വേഷണം നടത്തുമോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: നടത്താം.

Sri. P. Balakrishnan Tampi: In view of the volley of questions, will the Government be pleased adequately to protect the interests of this officer?

Sri. E. John Philipose: I have already stated in the House that it is Government's duty to protect the interests of their officers. At the same time, corrupt officers will be weeded out.

ശ്രീ. സി. വി. ഐയ്യു: കൊച്ചിസംസ്ഥാനത്തിൽ വെറൈറ്റിനറി ഡയറക്ടരായിരുന്ന ആളെ തിരുവിതാംകൂർ കൊച്ചിസംസ്ഥാനത്തിലെ വെറൈറ്റിനറി ഡയറക്ടരായി നിയമിച്ചിട്ടുണ്ടോ?

ശ്രീ ഇ. ജോൺ ഫിലിപ്പോസ്: ഉണ്ട്.

തിരുവനന്തപുരം വെറൈറ്റിനറി സ്റ്റോർ

*൪൪൪. (എ൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വെറൈറ്റിനറിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

തിരുവനന്തപുരം വെറൈറ്റിനറി സ്റ്റോറിൽനിന്നും ഒട്ടുവളരെ മരുന്നുകളും മറ്റു സാധനങ്ങളും അപഹരിച്ചിട്ടുള്ളതായും പല കമ്പനിക്കാരുടേയും മരുന്നുകൾ വന്നാൽ ഉടൻ പൊട്ടിച്ചു ചെക്കുചെയ്യാതെ മരുന്നുകുപ്പികൾ പൊട്ടിപ്പോയിയെന്നും അല്ലെങ്കിൽ ഇല്ലായിരുന്നുവെന്നും പറഞ്ഞു കമ്പനിക്കാർക്കു വില കൊടുക്കാതെ അവരെ കബളിപ്പിക്കാൻ ശ്രമിച്ചതായും ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

മരാമത്തും ഗതാഗതവും കൃഷിയുംവകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): ഉണ്ട്.

ശ്രീ. കണ്ണാറഗോപാലപ്പണിക്കർ: അതിനെ സംബന്ധിച്ച് ഗവൺമെണ്ടു വല്ല നടപടികളും കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: നടപടികൾ നടത്തിക്കൊണ്ടിരിക്കയാണു്.

ശ്രീ. പി. നാണു: ഈ വെറൈറ്റിനറി ഡയറക്ടരേക്കാൾ കൂടുതൽ യോഗ്യതയുള്ള ആളുകൾ വേറെ ഏതെങ്കിലും ജോലിയിൽ ഇരിപ്പുണ്ടോ?

ശ്രീ. ഇ. ജോൺ ഫിലിപ്പോസ്: നിശ്ചയമില്ല.

LIBRARY ARCHIVES Kerala Legislative Assembly